**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5676** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള സമരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള സമരങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | NFSA ഗോഡൗണുകളിൽ തൊഴിലാളികൾ സമരങ്ങൾ നടത്തിയിട്ടുണ്ട്. ആയതു കൂടാതെ റേഷൻ വ്യാപാരികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സംഘടനകൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ കട അടച്ചിട്ടുള്ള സമരങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ സമരം നടത്തിയവരുമായി ചർച്ച നടത്തിയിരുന്നോയെന്നും എന്തെല്ലാം ഉറപ്പുകളാണ് സമരം നടത്തിയവർക്ക് നൽകിയതെന്നും അറിയിക്കുമോ; | (ബി) | പല വിധത്തിലുള്ള ആവശ്യങ്ങൾ ഉന്നയിച്ചാണ് റേഷനിംഗുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ സമരങ്ങൾ നടത്താറുള്ളത്. അതത് സമയങ്ങളിൽ ഉയർന്നുവരുന്ന വിഷയങ്ങളിൽ, സമരത്തിൽ ഏർപ്പെടുന്ന വിഭാഗങ്ങളുമായി ചർച്ച നടത്തി പരിഹാരം കണ്ടു വരുന്നു. ഏറ്റവും അവസാനമായി 27-01-2025ൽ റേഷൻ വ്യാപാര സംഘടനകളുടെ സംയുക്ത സമരസമിതി അനിശ്ചിത കാല സമരം പ്രഖ്യാപിക്കുക യുണ്ടായി. ആയതിൽ പ്രധാന ആവശ്യം വേതനപാക്കേജ് പരിഷ്കരിക്കുക, കമ്മീഷൻ സമയബന്ധിതമായി നൽകുക എന്നിവയായിരുന്നു. കമ്മീഷൻ പരിഷ്കരണം നടത്തുന്നത് സംബന്ധിച്ച് റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി 2025 മാർച്ച് മാസത്തിൽ തന്നെ ചർച്ച ആരംഭിച്ചു. എത്രയും വേഗം ആയതിൽ തീരുമാനം എടുക്കുന്നതാണ് എന്നും ഓരോ മാസത്തെയും കമ്മീഷൻ തുക തൊട്ടടുത്തമാസം 15-ാം തീയതിക്കു മുൻപായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും എന്നുമുള്ള ഉറപ്പുകൾ നൽകിയിരുന്നു. ആയതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അപ്രകാരം നൽകിയ ഉറപ്പുകളിൽ ഏതെല്ലാം പാലിക്കാൻ സാധിച്ചിട്ടുണ്ടെന്നും പരിഗണിക്കാൻ കഴിയാതെപോയ ഉറപ്പുകൾ ഏതെല്ലാമായിരുന്നുവെന്നും വിശദമാക്കാമോ? | (സി) | പല വിധത്തിലുള്ള ആവശ്യങ്ങൾ ഉന്നയിച്ചാണ് റേഷനിംഗുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ സമരങ്ങൾ നടത്താറുള്ളത്. അതത് സമയങ്ങളിൽ ഉയർന്നുവരുന്ന വിഷയങ്ങളിൽ, സമരത്തിൽ ഏർപ്പെടുന്ന വിഭാഗങ്ങളുമായി ചർച്ച |

| | | | |
|---|---|---|---|
| | | | നടത്തി പരിഹാരം കണ്ടു വരുന്നു. ഏറ്റവും അവസാനമായി 27-01-2025ൽ റേഷൻ വ്യാപാര സംഘടനകളുടെ സംയുക്ത സമരസമിതി അനിശ്ചിത കാല സമരം പ്രഖ്യാപിക്കുക യുണ്ടായി. ആയതിൽ പ്രധാന ആവശ്യം വേതനപാക്കേജ് പരിഷ്കരിക്കുക, കമ്മീഷൻ സമയബന്ധിതമായി നൽകുക എന്നിവയായിരുന്നു. കമ്മീഷൻ പരിഷ്കരണം നടത്തുന്നത് സംബന്ധിച്ച് റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി 2025 മാർച്ച് മാസത്തിൽ തന്നെ ചർച്ച ആരംഭിച്ചു. എത്രയും വേഗം ആയതിൽ തീരുമാനം എടുക്കുന്നതാണ് എന്നും ഓരോ മാസത്തെയും കമ്മീഷൻ തുക തൊട്ടടുത്തമാസം 15-ാം തീയതിക്കു മുൻപായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും എന്നുമുള്ള ഉറപ്പുകൾ നൽകിയിരുന്നു. ആയതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ